# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

സർവ്വകലാശാല പരീക്ഷകളിൽ പ്രൊഫഷണൽ കോഴ്സുകളല്ലാത്ത കോഴ്സുകൾക്ക് എൻ.സി.സി പ്രവർത്തനങ്ങൾക്കുള്ള ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച നിയമങ്ങൾ ഭേദഗതി ചെയ്തത് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ VIII വിഭാഗം

നം.1013/01/എസി.എ VIII/2017 പി.ഡി ഹിൽസ്, തീയതി, 20.02.2017

---

പരാമർശം :-1) സർവ്വകലാശാല ഉത്തരവ് നം. 2180/01/ എസി.എ VIII/2016 തീയതി 16.04.2016.

2) സർവ്വകലാശാല ഉത്തരവ് നം. 3346/01/എസി.എ VIII/2016 തീയതി 16.06.2016.

3) സിൻഡിക്കേറ്റ് യോഗത്തിന്റെ 16.06.2016 തീയതിയായ മിനിട്ട്സ് (ഐറ്റം.നം. 269/16.04/161679)

4) 06..01.2017-ൽ ചേർന്ന സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗത്തിന്റെ മിനിട്ട്സിന്റെ രത്നച്ചുരുക്കം (ഐറ്റം.നം.162067)

## ഉത്തരവ്

പ്രൊഫഷണൽ കോഴ്സുകളല്ലാത്ത കോഴ്സുകൾക്ക് സർവ്വകലാശാല പരീക്ഷകളിൽ എൻ.സി.സി പ്രവർത്തനങ്ങൾക്കുള്ള ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതി വരുത്തി 16.06.2016 -ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായിരുന്നു. എന്നാൽ യോഗ തീരുമാനത്തിലെ ചില വസ്തുതാപരമായ തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, വൈസ് ചാൻസിലറുടെ ഉത്തരവു പ്രകാരം അവ പരിഹരിക്കുന്നതിനു വേണ്ടി വീണ്ടും സിൻഡിക്കേറ്റിനു സമർപ്പിച്ചു. 06.01.2017 - ൽ ചേർന്ന സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ ഇക്കാര്യം പരിശോധിക്കുകയും, വേണ്ട തിരുത്തലുകൾ വരുത്തുകയും ചെയ്തു. പിശകുകൾ തിരുത്തിയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 - ലെ സെക്ഷൻ 3.10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് 14.02.2017 - ൽ ബഹു. വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായി.

പരാമർശം (4) പ്രകാരമുള്ള എൻ.സി.സി പ്രവർത്തനങ്ങളും അവയ്ക്ക് അനുവദനീയമായ ഗ്രേസ് മാർക്കുകളും ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നം. | പ്രവർത്തനം | ഗ്രേസ്മാർക്ക് (%) |
|---|---|---|
| 1. | 75% ഹാജർ | ഓരോ പ്രകടന വർഷ ത്തിനും 3% എന്ന തോതിൽ |
| 2. | 10 ദിവസത്തെ വാർഷിക പരിശീലന ക്യാമ്പ് (ATC) | 3% |
| 3. | റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായുള്ള ക്യാമ്പ് (Pre Rd Camp) | 5% |
| 4. | ബി. സർട്ടിഫിക്കറ്റ് | 4% |
| 5. | സി. സർട്ടിഫിക്കറ്റ് | 5% |
| 6. | ബേസിക് ലീഡർഷിപ്പ് ക്യാമ്പ് (BLC), താൽസൈനിക് ക്യാമ്പ് (TSC), നാവു സൈനിക് ക്യാമ്പ് (NSC), വായു സൈനിക് ക്യാമ്പ് (VSC), ഇന്റർ ഗ്രൂപ്പ് കോമ്പറ്റീഷൻ (IGC), അഡ്വാൻസ്ഡ് ലീഡർഷിപ്പ് ക്യാമ്പ് (ALC) തുടങ്ങിയ എല്ലാ സെൻട്രലി ഓർഗനൈസ്ഡ് ക്യാമ്പുകളും | 6% |
| | ദേശീയോദ്ഗ്രഥന ക്യാമ്പ് (NIC) | |
| | പുതുതായി കൂട്ടി ചേർത്തവ:- ട്രക്കിംഗ്, അഡ്വെഞ്ചർ മൗണ്ടെനയറിംഗ് ക്യാമ്പ്, ആർമി അറ്റാച്ച്മെന്റ് ക്യാമ്പ് (AAC), സോഷ്യൽ സർവ്വീസ് ക്യാമ്പ് (SSC), ഡൽഹിയിലെ സ്പോർട്ട്സ് ആന്റ് ഗെയിംസ് | |
| 7. | വെയിറ്റേജ് സർട്ടിഫിക്കറ്റ് | 3% |
| 8. | റിപ്പബ്ലിക് ദിന ക്യാമ്പ് (RDC), സ്വാതന്ത്ര്യദിന ക്യാമ്പ് (IDC) | 8% |
| 9. | യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം (YEP) | 9% |
| | പരമാവധി | 15% |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെയും (2) ലെയും ഉത്തരവുകൾ ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു.

ഒപ്പ്

രമേഷ് രാഘവൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്

1. വൈസ് ചാൻസലറുടെ പി.എസ്.
2. പ്രൊ വൈസ് ചാൻസലറുടെ പി.എസ്.
3. രജിസ്ട്രാറുടെ പി.എ.
4. പരീക്ഷാ കൺട്രോളറുടെ പി.എ.
5. എല്ലാ ടാബുലേഷൻ സെക്ഷനുകൾക്കും.
6. എസി.എ1/എസി.സി/എസി.എൽ.
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ ( അപ്‌ലോഡ് ചെയ്യുന്നതിന്).
8. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്).
9. എ.ആർ/ഡി.ആർ/ജെ.ആർ (പരീക്ഷാവിഭാഗം).
10. സി.ടെക്സ് സെക്ഷൻ.
11. റെക്കോർഡ്സ് സെക്ഷൻ.
12. ഐ.ക്യു.എ.സി.
13. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ 8/01/2016/CBCSS – I.